LIBRARY ARCHIVES Kerala Legislative Assembly

സോഷ്യൽവർക്ക് ഉപവിഷയമാക്കി ഹ്യുമാനിറ്റീസ് ബാച്ച് അനുവദിക്കാൻ നടപടി

66 [3049] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിൽ ഹ്യുമാനിറ്റീസിന് ഉപവിഷയമായി സോഷ്യൽവർക്ക് പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ സർക്കാർ, എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ സോഷ്യൽവർക്ക് എത്ര വിദ്യാലയത്തിൽ പഠിപ്പിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കൂടുതൽ സ്കൂളുകളിൽ സോഷ്യൽവർക്ക് ഉപവിഷയമാക്കി ഹ്യുമാനിറ്റീസ് ബാച്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിൽ ഹ്യുമാനിറ്റീസിന് ഉപവിഷയമായി സോഷ്യൽവർക്ക് പഠിപ്പിക്കുന്ന പതിനൊന്ന് ഗവൺമെന്റ് സ്കൂളുകളും ഇരുപത്തിമൂന്ന് എയിഡഡ് സ്കൂളുകളും ഒരു അൺ എയ്ഡഡ് സ്കൂളുമുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ ഒരു ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും രണ്ട് എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും സോഷ്യൽവർക്ക് പഠിപ്പിക്കുന്നുണ്ട്.

(സി) ഇങ്ങനെയൊരു വിഷയം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപകരുടെ ഒഴിവുകൾ

67 [3050] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപകരുടെ എത്ര ഒഴിവുകളുണ്ട്;

(ബി) പി. എസ്. സി. മുഖാന്തിരം ഈ ഒഴിവുകൾ നികത്തുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ അദ്ധ്യാപകരുടെ യോഗ്യതകളും മറ്റും നിർണ്ണയിക്കുന്നതിന് വേണ്ട സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് സ്പെഷ്യൽ റൂൾസ് രൂപീകരിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കമ്പ്യൂട്ടർ സയൻസ് വിഷയത്തിൽ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ ജൂനിയറിന്റെ 39 ഒഴിവുകളും സീനിയറിന്റെ 184 ഒഴിവുകളുമുണ്ട്.

(ബി) പി. എസ്. സി. മുഖാന്തിരം നികത്തേണ്ട ഒഴിവുകൾ ഇതിനകം പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(സി) സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ട്.

എസ്. എസ്. എ. പദ്ധതിപ്രകാരം അനുവദിച്ച തുക

68 [3051] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളായി എസ്. എസ്. എ. പദ്ധതിക്കുവേണ്ടി സംസ്ഥാനത്തിന് എത്ര ഫണ്ട് ലഭിച്ചു; വർഷംതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയ്ക്കും അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഫണ്ട് ചെലവഴിച്ചിട്ടില്ലാത്തതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ഫണ്ട് ഇപ്രകാരം ലാപ്സായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ഡി) ഫണ്ട് ലാപ്സായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) 2003-04 .. 4966 ലക്ഷം രൂപ

2004-05 .. 8939 ലക്ഷം രൂപ

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

സഞ്ചയികാ സമ്പാദ്യ പദ്ധതി

69 [3052] *ശ്രീ. കെ. ബാബു:*
,, ജോർജ് ജെ. മാത്യു:
,, ലൂഡി ലൂയിസ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly